# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 57

25.04.2017 ൽ മറുപടിക്ക്

### ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ നടപടി

**ചോദ്യം:**

**ശ്രീ. യു.ആർ.പ്രദീപ്**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** സംസ്ഥാനത്ത് ഉയർന്ന തസ്തികകളായ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ് തസ്തികകൾ എത്ര എണ്ണം വീതം ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഒഴിഞ്ഞു കിടക്കുന്ന ഈ തസ്തികകൾ നികത്തുന്നതിനായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

**(എ)** സംസ്ഥാനത്ത് ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തസ്തികകളൊന്നും തന്നെ ഒഴിഞ്ഞ് കിടക്കുന്നില്ല. ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ കേരളത്തിൽ ഐ.എ.എസിൽ 89 ഉദ്യോഗസ്ഥരുടെയും, ഐ.എഫ്.എസിൽ 35 ഉദ്യോഗസ്ഥരുടെയും, ഐ.പി.എസിൽ 50 പേരുടെയും കുറവുണ്ട്. നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും കൂടുതൽ ഉദ്യോഗസ്ഥരെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ് എന്നിവയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**(ബി)** പല വകുപ്പ് സെക്രട്ടറിമാരും ഒന്നിലധികം വകുപ്പുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതു കൊണ്ട് അവർക്ക് വർദ്ധിച്ച ജോലിഭാരം വരുന്നത് കണക്കിലെടുത്ത് എസ്.എ.എസ്. രൂപീകരിക്കുന്നതടക്കമുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഉന്നത തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**(ബി)** മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിനും കഴിവുറ്റ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 04.1.2017 ലെ G.O.(Ms.) No. 1/2017/P&ARD പ്രകാരം കെ.എ.എസ്. രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

Mary M
**സെക്ഷൻ ഓഫീസർ**